"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ഉപഭോക്തൃകാര്യ വകുപ്പ്- കാസർഗോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ അംഗമായിരുന്ന ശ്രീ രാധാകൃഷ്ണൻ നായർക്ക് വിരമിക്കൽ ആനുകൂല്യങ്ങൾ അനുവദിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ഉപഭോക്തൃകാര്യ വകുപ്പ്

സ.ഉ.(സാധാ) നം.19/2024/CAD തീയതി,തിരുവനന്തപുരം, 08-07-2024

---

പരാമർശം:-
1. സ.ഉ.(അച്ചടി) നം.175/2016/ധന, തീയതി 28.11.2016
2. സ.ഉ.(അച്ചടി) നം.113/2019/ധന, തീയതി 24.08.2019
3. സ.ഉ.(അച്ചടി) നം.87/2023/ധന, തീയതി 17.08.2023
4. സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാറുടെ 07.02.2024, 24.02.2024 തീയതികളിലെ KSCDRC/2/2023-G നമ്പർ കത്തുകൾ

<u>ഉത്തരവ്</u>

സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങൾക്ക് അവരുടെ യോഗ്യസേവന കാലാവധി പ്രകാരം വ്യവസ്ഥകൾക്ക് വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് പരാമർശം (1), (2) എന്നിവ പ്രകാരം സർക്കാർ ഉത്തരവുകൾ പുറപ്പെടുവിച്ചിരുന്നു. തുടർന്ന് സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്ത അംഗങ്ങളിൽ വിരമിക്കൽ ആനുകൂല്യത്തിന് അർഹതയുള്ള അംഗങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2) കാസർഗോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ അംഗമായി **16.08.2018** ൽ ജോലിയിൽ പ്രവേശിക്കുകയും **17.06.2023-ന്** 5 വർഷത്തെ സേവനം പൂർത്തിയാക്കി വിരമിക്കുകയും ചെയ്ത ശ്രീ എം.രാധാകൃഷ്ണൻ നായർക്ക് 5 വർഷത്തെ സേവനത്തിന് നിലവിലെ അനുകൂല്യമായ **10,000/-** രൂപ പ്രതിമാസ നിരക്കിൽ സർവീസിൽ നിന്ന് വിരമിച്ച തീയതിയുടെ അടുത്ത ദിവസമായ **18.06.2023** മുതൽ പ്രാബല്യത്തിൽ വിരമിക്കൽ ആനുകൂല്യം അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ സെക്രട്ടറി & രജിസ്ട്രാർ പരാമർശം (4) പ്രകാരം ആവശ്യപ്പെട്ടിരുന്നു.

3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കാസർഗോഡ് ജില്ലാ

ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷനിൽ അംഗമായി 5 വർഷം സേവനമനുഷ്ഠിച്ചിരുന്ന ശ്രീ എം.രാധാകൃഷ്ണൻ നായർക്ക് പരാമർശം (1), (2), (3) സർക്കാർ ഉത്തരവുകളിൽ പ്രതിപാദിക്കുന്ന നിരക്കുകൾക്കും വ്യവസ്ഥകൾക്കും വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിച്ച് ഉത്തരവാകുന്നു.

| പേര് | ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | സേവന കാലാവധി | വിരമിക്കൽ ആനുകൂല്യത്തിന് അർഹമായ തീയതി | വിരമിക്കൽ ആനുകൂല്യം പ്രതിമാസം |
|---|---|---|---|---|
| ശ്രീ എം.രാധാകൃഷ്ണൻ നായർ | കാസർഗോഡ് ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ | 5 വർഷം | 18.06.2023 | Rs.10,000/- |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് പ്രവീൺ
അഡിഷണൽ സെക്രട്ടറി

1.പൊതുവിതരണ ഉപഭോക്തൃകാര്യ കമ്മീഷണർ , തിരുവനന്തപുരം
2.സെക്രട്ടറി & രജിസ്ട്രാർ , സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ, തിരുവനന്തപുരം
3.ശ്രീ.എം.രാധാകൃഷ്ണൻ നായർ (സെക്രട്ടറി & രജിസ്ട്രാർ, സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുഖേന)
4.അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ഓഡിറ്റ് ), കേരള, തിരുവനന്തപുരം
5.ജില്ലാ ട്രഷറി ഓഫീസർ, കാസർഗോഡ്
6.ധനകാര്യ വകുപ്പ്
7.ഇൻഫർമേഷൻ ഓഫീസർ, വെബ്&ന്യൂ മീഡിയ , ഐ&പി ആർ ഡി
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (File No.CA1/19/2024/CAD)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ